"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.ഹരിദാസ് ഡി., ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വനംവകുപ്പ് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ, കണ്ണൂർ എന്നയാളെ കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1470/2023/LSGD തീയതി,തിരുവനന്തപുരം, 19-07-2023

---

പരാമർശം:-

1. 10/05/2013 തീയതിയിലെ 42/2013/ധന നം.സർക്കുലർ
2. സ.ഉ.(പി)നം.580/2023/ധന തീയതി 28/11/2013
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02/06/2023 തീയതിയിലെ 11003/ഇ1/2022/കെ.എസ്.എച്ച്.ഒ.നം.കത്ത്

**ഉത്തരവ്**

കുടുംബശ്രീയുടെ വിവിധ ജില്ലാ മിഷനുകളിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിലുള്ള ഒഴിവുകൾ നികത്തുന്നതിനായി 37400 - 79000 ശമ്പള സ്കെയിലിൽ നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചതിൻ പ്രകാരം ഉദ്യോഗസ്ഥരെ അഭിമുഖത്തിന് ക്ഷണിക്കുകയും അപ്രകാരം അഭിമുഖ പാനൽ തെരഞ്ഞെടുത്ത ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.ഹരിദാസ് ഡി., ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വനംവകുപ്പ് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ, കണ്ണൂർ എന്നവരുടെ നിരാക്ഷേപ സാക്ഷ്യ പത്രം മാതൃവകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും ആയതിനാൽ ടിയാനെ കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഹരിദാസ് ഡി., ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വനംവകുപ്പ് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ, കണ്ണൂർ എന്നയാളെ കേരള സർവ്വീസ് റൂൾസ് ഭാഗം-1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJESH K R

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീ.ഹരിദാസ് ഡി., ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വനംവകുപ്പ് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ, കണ്ണൂർ (പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം മുഖേന)

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/288/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 19-07-2023 16:06:55